# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 600** **24.01.2018- ൽ മറുപടിക്ക്**

### കൈത്തറി രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി സി. കെ. ആശ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുന:രുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപാദനവും, വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നടത്തുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങിയവ ഇതിൽപ്പെടുന്നു.<br><br>ഈ പദ്ധതികൾക്ക് പുറമെ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുന:രുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയനവർഷം സർക്കാർ സ്കൂളുകളിലെ അഞ്ചാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തി. 2018-19 അദ്ധ്യയനവർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കും യൂണിഫോം വിതരണം ചെയ്യും. ആയതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് |

തയ്യാറാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുവാനും അവരുടെ വേതനം വർദ്ധിപ്പിക്കാനും സാധിച്ചു.

(ബി) പ്രവർത്തിക്കാത്ത കൈത്തറി സഹകരണ സംഘങ്ങളിൽ കാഡ്കോ മുഖേന ആറായിരത്തോളം തറികൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിന് നീക്കമുണ്ടോ;

(ബി) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത 6000 തറികൾ കാഡ്കോ മുഖേന അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനായി 6 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പദ്ധതിക്കാവശ്യമായ തുണി ലഭ്യമാക്കലും മറ്റ് തയ്യാറെടുപ്പുകളും വിശദമാക്കുമോ?

(സി) സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി പ്രകാരം അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 23 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി നെയ്തെടുക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തുത തുണി ഹാൻടെക്സ്, ഹാൻവീവ് മുഖേന വിതരണം ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**